(ഡി) ചാൻസ് കാർഡുകൾ കിട്ടിയിട്ടുള്ളവരിൽ സവർണ്ണർ, അവർണ്ണർ, ക്രൈസ്തവർ, മുസ്‌ലീമിങ്ങൾ, ജൂതന്മാർ, മറ്റുള്ളവർ എത്രവീതമുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ജൂനിയർ ഇൻറർ മീഡിയറ്റ് ൫൫൩. ജൂനിയർ ബി. എ. ൯൦. ജൂനിയർ ബി. എസ്സ്. സി. ൧൧൩.

(ബി.) ജൂനിയർ ഇൻറർ മീഡിയറ്റ് ൪൫. ജൂനിയർ ബി. എ. ൧൭. ജൂനിയർ ബി. എസ്സ്. സി. ൫൦.

(സി)	ഇൻറർ.	ബി. എ.	ബി. എസ്സ്. സി.
ബ്രാഹ്മണർ	൭	൨	൫
നായന്മാർ	൧൫	൭	൧൧
ക്രിസ്ത്യാനികൾ	൧൦	൨	൧൦
അമ്പലവാസി	൪	..	..
ക്ഷത്രിയർ	൨	..	..
ഈഴവർ	൭	൫	൧
സാരസ്വതൻ	൧	..	..
വൈശ്യൻ	൧	..	..
പട്ടാണ്ടൻ	൧	..	..
വാലൻ	൧	..	൨
വേലൻ	൧	..	..
മുസ്ലീം	൧	൧	..
ഗുജറാത്തി	..	൧	..
നമ്പൂതിരി	..	..	൧
എഴുത്തശ്ശൻ	..	..	൨

(ഡി)		
	സവർണ്ണർ	൪൩
	അവർണ്ണർ	൨൦
	ക്രൈസ്തവർ	൨൨
	മുസ്ലീമിങ്ങൾ	൨
	ജൂതന്മാർ	..
	മറ്റുള്ളവർ	..

CRIMINAL LAW (AMENDMENT) PROCLAMATION

372. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സഭയം മറുപടി പറയുമോ.—

(എ) ക്രിമിനൽ നിയമ ഭേദഗതി നിയമം വിളംബരം മൂലം നടപ്പിൽ വരുത്തിയ ഇ എന്തു ആവശ്യത്തിലേക്കാണ;

(ബി) ഇപ്രകാരം ഈ നിയമം വിളംബരം മൂലം നടപ്പിൽ വരുത്തുക അടിയന്തരമുട്ടം പെട്ടെന്ന ഉൽഘോഷിക്കുകയാണോ ചെയ്തു;

(സി) അന്തിക്കാട്ടെ ചെത്തുതൊഴിലാളി കഴപ്പം ആവിർഭവിച്ചു മൂന്ന മൂന്നര മാസത്തിന്ന ശേഷമല്ലെ ഈ നിയമം ഉണ്ടാക്കിയതു;

(ഡി) ഇതിനുള്ളിൽ നിയമസഭയുടെ മേടമാസത്തെ സമ്മേളനം നടക്കുകയുണ്ടായില്ലെ;

(ഇ) എന്തുകൊണ്ട് ഈ നിയമം ആ സമ്മേളനത്തിൽ അവതരിപ്പിച്ചു പാസ്സാക്കിയില്ല?

റാവുസാഹിബ് എ. മാധവപ്രഭു :

(എ) പ്രത്യേകിച്ച് അന്തിക്കാട്ടെ കഴപ്പത്തെ തുടർന്നുണ്ടായ അക്രമങ്ങളും അനീതികളും അമർച്ചചെയ്യുന്നതിന്നുവേണ്ടിയാണ് ഈ നിയമം നടപ്പിൽ വരുത്തിയതു.

(ബി) അതെ.

(സി) അതെ.

(ഡി) ഉവ്വ്.

(ഇ) അന്ന് ഇത്തരം ഒരു നിയമത്തിൻെറ ആവശ്യമുണ്ടാകുമെന്നുദ്ദേശിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly